193/est/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഡിബി2/4858/18/സിഇ/എൽ.എസ്.ജി.ഡി

തീയതി 18/06/2018

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

ഗ്രാഹകൻ

പ്രിൻസിപ്പൽ സെക്രട്ടറി
ധനകാര്യവകുപ്പ്

സർ,

വിഷയം:- തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം - പൊതുമരാമത്ത് പ്രവൃത്തികൾക്ക് മുദ്രവില നിശ്ചയിക്കുന്നത് -സംബന്ധിച്ച്

സൂചന:- ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.4.2018 ലെ ഡി1/ജനറൽ/2017 നമ്പർ കത്ത്.

**********

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കേരള ഗസറ്റിലെ 3111(1)/Leg.A2/2018/LAW Dated:31.03.2018 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും മറ്റ് സേവന കരാറുകൾക്കും കരാർ തുകയുടെ 0.10% ആയി മിനിമം 200 രൂപയും പരമാവധി 1,00,000/- രൂപയും മുദ്രവില ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഓരോ പൊതുമരാമത്ത് പ്രവൃത്തികൾക്കും ഒന്നിൽകൂടുതൽ പ്രാവശ്യം കരാർ ഉടമ്പടികൾ വെയ്ക്കേണ്ട സാഹചര്യം നിലവിൽ ഉണ്ട്. അതായത് പ്രവൃത്തികൾ Design and Estimate പ്രകാരം ചെയ്യാമെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിലുള്ള പ്രധാന എഗ്രിമെന്റിന് പുറമെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനും എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യങ്ങളിലും ഏർപ്പെടുന്ന സപ്ലിമെന്ററി ഉടമ്പടികൾ, പ്രവൃത്തികൾ പൂർത്തിയാക്കാതെ അവസാനിക്കുന്ന സാഹചര്യത്തിൽ ഏർപ്പെടുന്ന പ്രീക്ലോഷൻ ഉടമ്പടികൾ എന്നിവക്കെല്ലാം മുദ്ര പേപ്പറിലുള്ള ഉടമ്പടി ആവശ്യമാണ്. തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം ചെറിയ ചെറിയ പ്രവൃത്തികളാണ് കൂടുതൽ ചെയ്ത് വരുന്നത്. അപ്രകാരം ഓരോ പ്രാവശ്യവും ഉടമ്പടി വയ്ക്കുമ്പോൾ സർക്കാരിന്റെ ഉത്തരവ് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിന് കരാറുകാരിൽ നിന്നും, ഭരണസമിതിയിൽ നിന്നും എതിർപ്പുകൾ ഉണ്ടാകുന്നു. ആയതിനാൽ ഇതിനെകുറിച്ചുള്ള സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് പല ഓഫീസുകളിൽ നിന്നും കത്തുകൾ

ഈ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിലുള്ള പ്രധാന ഉടമ്പടിക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കുകയും അതെ പ്രവൃത്തിയിൽ മറ്റ് ആവശ്യങ്ങൾക്ക് ചെയ്യുന്ന ഉടമ്പടികൾക്ക് സർക്കാർ തീരുമാനിച്ച ഏറ്റവും കുറഞ്ഞ 200 രൂപയുടെ മുദ്രപത്രത്തിലുള്ള ഉടമ്പടി മതിയാകുമോ എന്നുള്ള സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

ഷാ